● **പാണൻ**

# ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ

**എ**ന്തൊരു കഷ്ടമാണിത്? പാവം കുഞ്ഞാലിക്കുട്ടി മന്ത്രി ഓരോന്നായി ഒപ്പിച്ചുകൊണ്ടുവരും. ഓരോരുത്തർ അനാവശ്യവിവാദമുണ്ടാക്കി അതു തകർക്കും. ജിമ്മിന്റെ കാര്യത്തിൽ എന്താ ഉണ്ടായത്? വെള്ളം വാങ്ങാൻ പണവുമായി ആൾ വന്നതാണ്, പെരിയാറിനും മലമ്പുഴക്കും മറ്റും വിലയിട്ടതുമാണ്. സമ്മതിച്ചില്ല. കുറെയൊളുകൾ ചേർന്നതു മുടക്കി. കടലിനടിയിൽക്കിടക്കുന്ന മണൽ ആർക്കും വേണ്ടാത്തതല്ലേ? അതു വിൽക്കാൻ നോക്കിയപ്പോൾ അതിലേറെ പ്രശ്നം. എന്നാൽ ആലപ്പുഴ തീരത്തെ കരിമണലാകട്ടെയെന്നു വച്ചു. അപ്പോഴിതാ സ്വന്തം പാളയത്തിൽത്തന്നെ പന്തം കൊളുത്തിപ്പട. 1200 കോടി രൂ കൈക്കൂലിയായി ഈ ഇടപാടിൽ മറിയുന്നുണ്ടെന്ന് സ്വന്തം മുന്നണിക്കാർ പറഞ്ഞപ്പോൾ നമുക്കും സംശയം. എല്ലാവർക്കും അർഹമായ രീതിയിൽ വീതം വയ്ക്കാൻ തയ്യാറാവാത്തതാണോ പ്രശ്നം, രാജ്യസഭാ സീറ്റുപോലെ. ഒടുവിൽ ആശ്രയമായിക്കണ്ട പദ്ധതികൾ നാൽപതെണ്ണമാണത്രേ. അതിലെ കേന്ദ്ര സർക്കാർ പദ്ധതികൾ കൊച്ചി റിഫൈനറി വികസനവും മറ്റും - വളരെക്കാലമായി ആലോചനയിലുള്ള പദ്ധതികളാണെങ്കിലും ചിലപ്പോൾ നടന്നേക്കും. അതിനു ജിമ്മുമായിട്ടെന്തു ബന്ധം എന്നാണെങ്കിൽ ജിമ്മിനുശേഷം കേരളത്തിൽ ആരെന്തു ചെയ്താലും അതു ജിമ്മിന്റെ നേട്ടമാക്കുമെന്നു മന്ത്രി മറുപടി പറയുന്നു.

യഥാർത്ഥത്തിൽ നടന്ന ഒരു പദ്ധതിയുമുണ്ട്. അത് ആലുക്കാസിന്റെ ഒരു കുടക്കീഴിൽ പൊന്നും പുടവയും എന്ന അങ്കമാലിയിലെ കടയാണ്. കേരളത്തിൽ ഇനിയേതു കട വന്നാലും അതു ജിമ്മിന്റെ പട്ടികയിലാകും. സ്വർണ്ണക്കട മാത്രമല്ല ബാർ, ഹോട്ടൽ, കള്ളുഷാപ്പ്, സെക്സ് ടൂറിസ്റ്റ് കേന്ദ്രങ്ങൾ, മുറുക്കാൻ കടകൾ, സ്വകാര്യ സ്ഥാപനങ്ങൾ തുടങ്ങി എന്തും ജിമ്മിന്റെ ഭാഗമാണ്. സത്യത്തിൽ മാറാട് കലാപം പോലും ജിമ്മിന്റെ നേട്ടമായി പറയാവുന്നതാണ്! ബേപ്പൂർ വികസന പദ്ധതിക്കായി കുറെയേറെപ്പേരെ കുടിയൊഴിപ്പിക്കേണ്ടിവരുമായിരുന്നു. ഇനിയതു വേണ്ട. അവരൊക്കെ സ്വമേധയാ ഓടിപ്പോയി. അതെത്ര രക്ഷയായി എന്നു കരുതിയിരിക്കുമ്പോഴുണ്ട്, ജില്ലാ കളക്ടർ അവരെ പുനരധിവസിപ്പിക്കാൻ ഋതിയിടുന്നു. ഉടനെത്തന്നെ മുഖ്യമന്ത്രി സമർത്ഥമായി ഇടപെട്ട് അത് തടഞ്ഞു. അല്ലായിരുന്നെങ്കിൽ പിന്നെ വീണ്ടും അവരെ കുടിയൊഴിപ്പിക്കാൻ സാധ്യമാകുമായിരുന്നില്ല. ഗുജറാത്തിൽ നരേന്ദ്ര മോഡി ഭരിച്ചിട്ടു പോലും കലാപത്തിൽ വീടൊഴിഞ്ഞ കുറേപ്പേരെയെങ്കിലും തിരിച്ചു കൊണ്ടുവരാൻ ശ്രമിച്ചു. അത്തരം ബുദ്ധിമോശമൊന്നും ആന്റണി കാണിക്കില്ല. ഹിന്ദുക്കളുടെ വീടുകൾക്കിടയിലേക്കാണവർ വരുന്നതെന്നതിനാലാണത്രേ ഇത്. കേരളത്തിൽ ഏതാണ്ടെല്ലാ സ്ഥലത്തും നൂറ്റാണ്ടുകളായി ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസൽമാൻമാരും ഒന്നിച്ചല്ലേ ജീവിക്കുന്നത് എന്ന ചോദ്യം ചില വിഡ്ഢികൾ ചോദിച്ചേക്കാം. പക്ഷെ സംഘപരിവാർ ഇക്കാര്യത്തിൽ സമ്മതിക്കുന്നില്ലെന്ന ഒറ്റ വാചകം മതി ആന്റണിക്ക് സമാധാനം പറയാൻ. ത്രിശൂല വിതരണക്കാര്യത്തിൽ അദ്ദേഹം എത്ര ശക്തമായ നിലപാടെടുത്തു. അതിനദ്ദേഹത്തിന് തൊഗാഡിയയടക്കമുള്ളവരുടെ പ്രശംസയും കിട്ടി. ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ. എന്തായാലും സ്വന്തം പാളയത്തിലുള്ളവർ പോലും ജിമ്മിനു പാരവയ്ക്കുമ്പോൾ, കുഞ്ഞാലിക്കുട്ടിയെ സഹായിക്കാൻ സംഘപരിവാർ ഉണ്ടായി. ഇതാണ് കാര്യം. നമുക്കാരെയും വെറുപ്പിക്കാനാവില്ല. ആരാണ് എപ്പോഴാണ് യഥാർത്ഥ സുഹൃത്തുക്കളാകുകയെന്നു പറയാനാവില്ല. ഇംഗ്ലീഷിലെ ചൊല്ലുണ്ടല്ലോ "എ ഫ്രന്റിൻ നീഡ് ഈസ് എ ഫ്രെന്റിൻഡീഡ്" (ആവശ്യത്തിനുപകരിക്കുന്നവനാണ് യഥാർത്ഥ സുഹൃത്ത്) വടകര. ബേപ്പൂർ മോഡൽ കോലിബി സഖ്യം പരാജയപ്പെട്ടുവെന്ന് ദുഃഖിച്ചുകൊണ്ടാണ് പാവം കെ.ജിമാരാർ എന്ന ബി.ജെ.പി. നേതാവു മരിച്ചത്. ഇന്നദ്ദേഹം ജീവിച്ചിരുന്നെങ്കിൽ എത്ര ആഹ്ലാദിക്കുമായിരുന്നു. ഒരു പക്ഷെ അദ്ദേഹത്തിന്റെ ആത്മാവ് സ്വർഗത്തിലിരുന്നെങ്കിലും ആഹ്ലാദിക്കുന്നുണ്ടാകും. ●


ദി ഗ്രീൻഷോപ്പ്
പുസ്തകശാല & ജൈവോൽപന്നശാല

The Green Shop

നരക്കളിപ്പാട്ടങ്ങൾ, കൗതുകവസ്തുക്കൾ,
മുളയിലും മരത്തിലും മണ്ണിലുമായി നിർമ്മിച്ച
നിത്യോപയോഗ സാധനങ്ങൾ, രാസവള-കീടനാശിനി വിമുക്തമായ ഭക്ഷ്യവസ്തുക്കൾ, വനവിഭവങ്ങൾ, പാരമ്പര്യ കരകൗശല സാമഗ്രികൾ,
പ്രകൃതി ചികിത്സാ ഉപകരണങ്ങൾ പെയിന്റിങ്ങുകൾ,
ബദൽ അറിവുകൾ തരുന്ന പുസ്തകങ്ങൾ
തുടങ്ങിയവയുടെ ശേഖരം ...

*ഇപ്പോൾ കോട്ടയത്തും . . . സന്ദർശിക്കുക.*

ദി ഗ്രീൻഷോപ്പ്
പുസ്തകശാല & ജൈവോൽപന്നശാല
സഖി ബിൽഡിംഗ്, എസ്. എച്ച്. മൗണ്ട്,
കോട്ടയം - 6. ഫോൺ : 0481 2518556 (Resi)

ഫോണിലൂടെയുള്ള ഓർഡർപ്രകാരം ഉല്പന്നങ്ങൾ വീടുകളിലെത്തിച്ചു കൊടുക്കുന്നതാണ്.



**ജലതരംഗം**
ത്രൈമാസിക
(കേരള നദീസംരക്ഷണ സമിതി പ്രസിദ്ധീകരണം)

3 കൊല്ലത്തേക്ക് 100 രൂപ
1 കൊല്ലത്തേക്ക് 40 രൂപ

ജലസാക്ഷരത നേടാൻ

ഡി.ഡി. അയക്കുക
ആൾ കേരള റിവർ പ്രൊട്ടക്ഷൻ കൗൺസിൽ
ആലുവ

മണിയോർഡർ അയക്കുക:
പി.എസ്. ഗോപിനാഥൻനായർ,
VI/37, വൃന്ദാവൻ,
ബ്രിഡ്ജ് റോഡ്, ആലുവ-683 101